കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

ഏപ്രിൽ 30

APRIL 30

2019

1194 മേടം 16 , ചൊവ്വ

പത്രക്കുറിപ്പ്-1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## കാസർകോട് വികസന പാക്കേജിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന: ജില്ലാ കളക്ടർ

കാസർകോട് വികസന പാക്കേജിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുമെന്ന് ജില്ലാ കളക്ടർ ഡോ.സജിത് ബാബു പറഞ്ഞു. കളക്ടറേറ്റിൽ ചേർന്ന ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങുടെയും നദീതത്ട വികസനപദ്ധതികളുടെയും അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു ക ളക്ടർ.

ജലസംഭരണം കുറഞ്ഞ അഞ്ച് നദികളിലും നദീതട പ്രദേശങ്ങളിലും ജലസംഭരണ പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്. നദികൾക്ക് സമീപമുള്ള സർക്കാർ സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും മൂന്ന് മീറ്റർ ആഴത്തിൽ കുളങ്ങൾ നിർമ്മിച്ച് ജലം സംഭരിക്കും.സ്വകാര്യ ഭൂമി പാട്ടത്തിനെടുത്താണ് പദ്ധതി നടപ്പാക്കുക. മേയ് എട്ടിനകം ഇതിനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തും. മേയ് 15ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

ജില്ലയിൽ ഏറ്റവും അധികം ജലക്ഷാമം നേരിടുന്ന മഞ്ചേശ്വരം, ഷിറിയ, ഉപ്പള, കുമ്പള, മൊഗ്രാൽ എന്നീ നദികളിൽ നിശ്ചിത ഇടവേളകളിൽ ഒഴുക്കിന്

അഭിമുഖമായി 10-15 ഡിഗ്രി ചരിവിൽ കൈവഴികൾ സൃഷ്ടിച്ച് ഇത്തരം കൈവഴികളിലൂടെ വെള്ളം ഒഴുക്കി സർക്കാർ, പൊതു സ്ഥലങ്ങളിൽ നിശ്ചിത വലിപ്പത്തിലുള്ള കുളങ്ങൾ സൃഷ്ടിച്ച് മണ്ണിലേക്ക് കൂടുതൽ വെള്ളം ഇറക്കി ജലവിതാനം ഉയർത്താനും പ്രസ്തുത നടപടിയിലൂടെ ഭൂകമ്പ സാധ്യതാ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ ഒഴിവാക്കി തുറന്ന കിണറുകൾ സാദ്ധ്യമാക്കുക എന്നതും പ്രദേശങ്ങളിൽ കൂടുതൽ കൃഷി വ്യാപിപ്പിക്കുക എന്നതുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

## പേര് നിർദ്ദേശിക്കാം

മേയ് 15 ന് ആരംഭിക്കുവാൻ തീരുമാനിച്ച ഈ പദ്ധതിക്ക് സ്കൂൾ, കോളേജ് വിദ്യർത്ഥികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും യുക്തമായ പേര് നിർദ്ദേശിക്കുവാൻ താൽപര്യപ്പെടുന്നു. ജില്ലാ തല സമിതി തെരഞ്ഞെടുക്കുന്ന എറ്റവും നല്ല പേര് നിർദ്ദേശിക്കപ്പെട്ട വ്യക്തിക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകും. ഈ പദ്ധതിക്ക് പേര് നിർദ്ദേശിക്കുവാൻ താൽപര്യമുള്ള വ്യക്തികൾ മേയ് 15 നു മുമ്പായി സ്പെഷ്യൽ ഓഫീസർ, കാസർകോട് വികസന പാക്കേജ്, കളക്ടറേറ്റ്, കാസർകോട് ഇമെയിൽ ksdkdp@gmail.com എന്ന വിലാസത്തിലോ, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, കളക്ടറേറ്റ്,കാസർകോട്, ഇമെയിൽ distsoilksd@gmail.com വിലാസത്തിലോ അയക്കണം.

സബ് കളക്ടർ അരുൺ കെ. വിജയൻ, കാസർകോട് വികസന പാകേജ് സ്പെഷൽ ഓഫീസർ ഇ.പി രാജ്മോഹൻ, ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ അശോക് കുമാർ, ജില്ലാ നിർമ്മിതി കേന്ദ്രപ്രോജക്ട് മാനേജർ മധു കിഷോർ, തൊഴി ലുറപ്പ് പദ്ധതി പ്രോജക്ട് ഡയറക്ടർ വി.കെ ദിലീപ് തുടങ്ങിയവർ യോഗത്തിൽ പങ്കെടു ത്തു.

## വരൾച്ചയിൽ നിന്ന് മോചനം; ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാകുന്നു

കാസർകോട് ജില്ലയെ വരൾച്ചയിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാകുന്നു. ദാഹമകറ്റാൻ വെള്ളത്തിനായി പരക്കംപായുന്ന നിരവധി കുടുംബങ്ങൾക്ക് അനുഗ്രഹമായി ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബുവിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തങ്ങളാണ് നടത്തുന്നത്.

ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വലിയ ടാങ്കർ ലോറികളിലായി 36 പഞ്ചായത്തുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലും പൊതുജനത്തിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റാനാവശ്യമായ കുടിവെള്ളവിതരണം തുടരുകയാണ്. ഇതിനായി 52

വാഹനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് . ഇത്തരത്തിൽ ലോറിയിൽ പൊതുജത്തിന് വെള്ളമെത്തിക്കാൻ തുടങ്ങിയിട്ട് ഒരു മാസമായി. ലോറിയിൽ ഡ്രൈവർക്ക് പുറമെ ഒരു പഞ്ചായത്ത് ഉദ്യോഗസ്ഥനും ഉണ്ടാകും. പഞ്ചായത്തുകളിൽ കൃത്യമായി ജലം എത്തിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താനാണ് പഞ്ചായത്ത് ഉദ്യോഗസ്ഥന്റെ സേവനം ഉപയോഗിക്കുന്നത്.

ശുദ്ധജല വിതരണത്തിനായി പഞ്ചായത്തുകൾക്ക് അവരുടെ പ്ലാൻ ഫണ്ട്, തനത് ഫണ്ട് തുടങ്ങിയവ ജലവിതരണത്തിനായി ഉപയോഗിക്കാം. ഈ രണ്ട് ഫണ്ടും ഇല്ലെങ്കിൽ എസ്ഡിആർഎഫിൽ ജില്ലാ കളക്ടർ ഫണ്ട് അനുവദിക്കും.

കുഴൽകിണർ കുഴിക്കുന്നവർ ബന്ധപ്പെട അധികാരികളിൽ നിന്ന് അനുമതി നേടണം. അല്ലാത്തപക്ഷം അവർക്കെതിരെ നടപടി എടുക്കും. അനുമതിയില്ലാതെ പുഴയിൽ നിന്ന് വെള്ളമെടുക്കാനും പാടില്ല. കാർഷിക ആവശ്യത്തിനാണെങ്കിൽ പോലും അനുമതിയില്ലാതെ പുഴയിൽ നിന്ന് ജലമെടുക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ പഞ്ചായത്തീരാജ് നിയമം അനുസരിച്ചുള്ള ശിക്ഷാ നടപടി സ്വീകരിക്കും.

വരൾച്ചയുടെ ഭാഗമായി കർഷകർക്കുണ്ടായ നഷ്ടം കൃഷി വകുപ്പ് വിലയിരുത്തും. അതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് സംസ്ഥാന ദുരന്തനിവാ രണ നിധിയിൽ നിന്ന് പണം അനുവദിക്കും. കന്നുകാലി, ആട് മുതലായവ ചത്ത് പോയാൽ മൃഗസംരക്ഷണ വകുപ്പ് അധികൃതർ സ്ഥിതിഗതികൾ വിലയിരുത്തും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും പണം അനുവദിക്കുക. പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കകൾക്ക് പുറമെ വിദൂരസ്ഥലങ്ങളിൽ നേരിട്ടും കുടി വെള്ള വിതരണം ഉറപ്പ് വരുത്തിയിട്ടുണ്ട്.

## ചുഴലിക്കാറ്റ് അപകടലഘൂകരണം;
## ദുരന്തനിവാരണ പരിശീലനം നൽകി

ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ (എൻസിആർ എംപി) ഭാഗമായി ജില്ലാതല ദുരന്തനിവാരണ അതോറിറ്റി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ദുരന്തനിവാരണ പരിശീലനം സംഘടിപ്പിച്ചു. കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിശീലന പരിപാടി എഡിഎം:സി ബിജു ഉദ്ഘാടനം ചെയ്തു. ഡിസാസ്റ്റർ മാനേജ്മെന്റ് മേഖലയിൽ ഫലപ്രദമായ മുന്നൊരു ക്കങ്ങൾ നടത്തുന്നതിലാണു കേരളത്തിനു പ്രകൃതി ദുരന്തങ്ങളെ കാര്യക്ഷമമായി നേരിടാൻ സാധിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ദുരന്ത നിവാരണ പ്രക്രിയകളിൽ സ്റ്റാന്റേഡ് ഓപ്പറേഷൻ പ്രൊസീജർ തയ്യാറാക്കുന്നതിനു ദുരന്തനിവാരണ പരിശീലന ങ്ങൾക്കു സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഹോസ്പിറ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനെ കുറിച്ചും ദുരന്തനിവാരണത്തിൽ കാര്യശേഷി വർധിപ്പിക്കുന്നതിനെ കുറിച്ചും വിവിധ സെഷനുകളിലായി ക്ലാസുകൾ നടത്തി. ജില്ലയിലെ തെരഞ്ഞെടുത്ത സർക്കാർ ആശുപത്രികൾ, സിഎച്ച്സി എന്നിവടങ്ങളിലെ ഡോകടർമാർ, നഴ്സ് ഹെഡുമാർ എന്നിവരാണു പരിശീലന പരിപാടിയിൽ പങ്കെടുത്തത്. ഹസാഡ് അനലിസ്റ്റ് ഡോ. ശ്രീജ, ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിലെ ലീഡിങ് ഫയർമാൻ കെ.വി മനോഹരൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി. ഹുസൂർ ശിരസ്തദാർ കെ നാരായണൻ, എൻസിആർഎംപി സ്റ്റേറ്റ് കോഡിനേറ്റർ കെ.ജെ സിറിയക്, ജില്ലാ ദുരന്ത നിവരാണ വിഭാഗം ഹെഡ് ക്ലർക്ക് കെ അനിൽ കുമാർ, ടി ദിനൂപ് തുടങ്ങിയവർ സംബന്ധിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: ഡിസാസ്റ്റർ മാനേജ്മെന്റ്:-*** കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ദുരന്ത നിവാരണ പരിശീലന പരിപാടി എഡിഎം:സി ബിജു ഉദ്ഘാടനം ചെയ്യുന്നു.

## വേനൽ മഴ; കൊതുകുജന്യ രോഗങ്ങൾക്കു സാധ്യത

ജില്ലയിൽ വേനൽമഴ പെയ്തതോടുകൂടി മഴക്കാലരോഗങ്ങൾക്ക് സാധ്യത. കഴിഞ്ഞ ദിവസം വെള്ളരിക്കുണ്ട് ഭാഗത്ത് ഡെങ്കുപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ മലയോര പ്രദേശങ്ങളിൽ താമസിക്കുന്നവർ വളരെ ശ്രദ്ധിക്കേണ്ടതാണെന്നു ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. റബർ, കവുങ്ങ്(കമുക്) തോട്ടങ്ങളിലെ ചിരട്ട, പാള മുതലായവ വെള്ളം കെട്ടിനിന്ന് കൊതുകു വളരാനുള്ള സാഹചര്യം ഉള്ളതായാണ് ആരോഗ്യവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിരിക്കുന്നത്. പൊതു സ്ഥലങ്ങളിലും തോട്ടങ്ങളിലും കൊതുകു വളരാനുള്ള സാഹചര്യങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ പൊതുജനാരോഗ്യനിയമ പ്രകാരം നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.പി. ദിനേശ് കുമാർ അറിയിച്ചു.

വീടിന്റെ പരിസരത്തു വലിച്ചെറിയുന്ന ചിരട്ട ,കുപ്പികൾ പ്ലാസ്റ്റിക് കവറുകൾ, ടയറുകൾ ഉപയോഗ്യശൂന്യമായ കളിപ്പാട്ടങ്ങൾ, ചെരുപ്പുകൾ എന്നിങ്ങനെ വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള എല്ലാ വസ്തുക്കളും ഒഴിവാക്കി കൊതുകു മുട്ടയിട്ടു പെരുകാനുള്ള സാഹചര്യം ഇല്ലാതാക്കണം. അതുപോലെ വീടുകളുടെ ടെറസ്, സൺഷെയ്ഡുകൾ മുതലായവയിലെ ഓവുചാലുകൾ വൃത്തിയാക്കി വെള്ളം കെട്ടിനിൽകുന്നില്ല എന്ന് ഉറപ്പു വരുത്തണം. മഴ നനയാതിരിക്കാൻ വലിച്ചു കെട്ടിയ ഷീറ്റുകൾ, വിറകും മറ്റും മൂടിയിരിക്കുന്ന പ്ലാസ്റ്റിക് അടപ്പുകൾ എന്നിവയിലും വെള്ളം കെട്ടിനിൽകുന്നില്ല എന്ന് ഉറപ്പാക്കുക. വീട്ടാവശ്യത്തിനായി ജലം സംഭരിച്ചു വച്ചിരിക്കുന്ന പാത്രങ്ങൾ നന്നായി മൂടി സൂക്ഷിക്കുകയും ആഴ്ചയിൽ ഒരിക്കൽ അത് ഉരച്ചു കഴുകി വൃത്തിയാക്കുകയും വേണം. ചെടിച്ചട്ടികൾ, വീടിനുള്ളിലെ ചെടി വളർത്തുന്ന പാത്രങ്ങൾ, ഫ്രിഡ്ജിന്റെ പുറകുവശത്തെ ട്രേയ് എന്നിവിടങ്ങളിലും ശ്ര

ദ്ധിക്കണം. കരിക്കിൻ വെള്ളം ഉപയോഗിച്ചതിന് ശേഷം ബാക്കിവരുന്ന തൊണ്ട് വെള്ളം കെട്ടിനിൽകാത്ത വിധത്തിൽ കമിഴ്ത്തി വയ്ക്കണം.

വ്യക്തി സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കേണ്ടതും പ്രധാനമാണ്. കൊതുകു കടി ഏൽക്കാതിരിക്കുന്നതിനായി ശരീരം മുഴുവൻ മൂടുന്ന വസ്ത്രങ്ങൾ ധരിക്കുക, കൊതുകിനെ അകറ്റുന്നതരത്തിലുള്ള ലേപനങ്ങൾ പുരട്ടുക, വീടിനകത്തു ഉറങ്ങുമ്പോഴും വിശ്രമിക്കുമ്പോഴും കൊതുകു വല ഉപയോഗിക്കുക തുടങ്ങിയ മാർഗങ്ങൾ സ്വീകരിക്കാം. പനിയോ മറ്റു ലക്ഷണങ്ങളോ കണ്ടെത്തിയാൽ സ്വയം ചികിത്സിക്കാതെ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടണം.

## അധ്യാപകർക്കുള്ള കൈറ്റിന്റെ ഹൈടെക് പരിശീലനത്തിന്റെ ആദ്യ ബാച്ചിന് സമാപനം

***ജില്ലയിൽ 1277 അധ്യാപകർ പരിശീലനം പൂർത്തിയാക്കി***

സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അധ്യാപരകർക്കും കേരള ഇൻഫ്രാസ്ടക്ചർ ആന്റ് ടെക്നോളി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നാലു ദിവസത്തെ ഐസിടി പരിശീലനം നൽകുന്ന പദ്ധതിയുടെ ഒന്നാം ബാച്ച് ജില്ലയിൽ പൂർത്തിയായി. പ്രൈമറി-അപ്പർ പ്രൈമറി വിഭാഗങ്ങളിലെ 1277 അധ്യാപകരാണ് 46 പരിശീലന കേന്ദ്രങ്ങളിലായി പരിശീലനം പൂർത്തിയാക്കിയത്.

മൾട്ടിമീഡിയാ പ്രസന്റേഷൻ തയ്യാറാക്കൽ, ഇന്റർനെറ്റും അനുബന്ധ സൗകര്യങ്ങളും ഉപയോഗിച്ച് ഡിജിറ്റൽ വിഭവങ്ങൾ ശേഖരിക്കൽ, ശേഖരിച്ച വിഭവങ്ങൾ (ടെക്സ്റ്റ്, ചിത്രം, വീഡിയോ, ശബ്ദം) ഉപയോഗിച്ച് പഠനവിഭവങ്ങൾ നിർമ്മിക്കൽ, ചിത്രവായന പോലുള്ള ബോധന തന്ത്രങ്ങൾക്കുതകുന്ന തരത്തിൽ ചിത്രം നിർമ്മിക്കൽ, ഭാഷാ കമ്പ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിലാണ് അധ്യാപകർക്ക് പരിശീലനം നൽകിയത്. 'സമഗ്ര'പഠന വിഭവ പോർട്ടലിന്റെ ഉപയോഗവും സമഗ്രയിലേക്ക് പുതുതായി ഡിജിറ്റൽ ഉള്ളടക്കം തയ്യാറാക്കലും പാഠാസൂത്രണം പ്രയോജനപ്പെടുത്തൽ തുങ്ങിയവ പരിശീലനത്തിന്റെ ഭാഗമായി അധ്യാപകർ പരിചയിച്ചു. രസകരമായി ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രയോജനപ്പെടുത്താവുന്ന ആപ്ലിക്കേഷനുകളായിരുന്നു ഇപ്രാവശ്യത്തെ പ്രൈമറി പരിശീലനത്തിന്റെ പ്രത്യേകത.

ഓരോ അധ്യാപകനും ഓരോ ലാപ്ടോപ്പ് എന്ന നിലയിൽ സ്കൂളുകളിൽ നിലവിലുള്ള 1277 ലാപ്ടോപ്പുകൾ ഒരേ സമയം പ്രയോജനപ്പെടുത്തി 92 പരിശീനകരെ ഉപയോഗിച്ചാണ് പരിശീലനം നടത്തിയത്. പ്രൈമറി-അപ്പർപ്രൈമറിയുടെ അടുത്ത ബാച്ചുകൾ മേയ് 2, 7, 13 തീയതികളിൽ നടക്കും. ഹയർ സെക്കന്ററി- വി.എച്ച്.എസ് ഇ അധ്യാപകർക്കുള്ള പരിശീലനം മേയ് 13 മുതലും ഹൈസ്കൂൾ അധ്യാപകർക്കുള്ള പരിശീലനം മേയ് 17 മുതലും ആരംഭിക്കും. പരിശീലനത്തിൽ പങ്കെടുക്കുന്ന

മുഴുവൻ അധ്യാപർക്കും ഓൺലൈനായി കേന്ദ്രവും ബാച്ചും തിരഞ്ഞെടുക്കാൻ കൈറ്റ് സംബിധാനമൊരുക്കിയിട്ടുണ്ട്

8 മുതൽ 12 വരെ ക്ലാസ് മുറികൾ ഹൈടെക്കായതിന്റെ തുടർച്ചയായി ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കാൻ കാസർകോട് ജില്ലയിൽ 2691 ലാപ്ടോപ്പുകൾ, 2691 സ്പീക്കറുകൾ, 1124 പ്രൊജക്ടറുകൾ തുടങ്ങിയവ ജൂൺ മാസം മുതൽ ലഭ്യമാക്കുന്ന സാഹചര്യത്തിലാണ് ഫലപ്രദമായ ക്ലാസ്റും വിനിമയത്തിന് ഐടിസി സാധ്യതകൾ പ്രയോജനപ്പെടുത്താൻ അധ്യാപകരെ പര്യാപ്തമാക്കുന്ന വിധം പരിശീനം ക്രമീകരച്ചുട്ടുള്ളതെന്ന് കൈറ്റ് വൈസ് ചെയർമാൻ ആന്റ് എക്സിക്യൂട്ടീവി ഡയറക്ടർ കെ. അൻവർ സാദത്ത് അറിയിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: ചട്ടഞ്ചാൽ എൽപി:-*** ചട്ടഞ്ചാൽ ഹയർസെക്കന്ററി സ്കൂളിലെ എൽ.പി അധ്യാപക പരിശീലനത്തിൽ നിന്ന്.

## കെൽട്രോണിൽ തൊഴിലധിഷ്ഠിത ആനിമേഷൻ, മൾട്ടീമീഡിയ കോഴ്സുകൾ

പൊതുമേഖലാസ്ഥാപനമായ കെൽട്രോണിന്റെ തിരുവനന്തപുരത്തുള്ള വഴുതക്കാട് നോളജ്സെന്ററിലേക്ക് എസ്എസ്എൽസി, പ്ലസ് ടു, ഐടിഐ, വിഎച്ച്എസ്ഇ, ഡിഗ്രി,ഡിപ്ലോമ പാസായവരിൽ നിന്നും ഒട്ടനവധി തൊഴിൽ സാധ്യതകളുള്ള വിവിധ ആനിമേഷൻ, മൾട്ടീമീഡിയ കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഗ്രാഫിക്ക് ഡിസൈനിംഗ്, ആനിമേഷൻ, മൾട്ടീമീഡിയ എന്നീ മേഖലകളിലെ മികച്ച അവസരങ്ങൾ കണക്കിലെടുത്താണ് പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ വർഷങ്ങളായി ആനിമേഷൻ, മൾട്ടീമീഡിയ കോഴ്സുകൾ വിജയകരമായി നടത്തിവരുന്നത്. വിശദവിവരങ്ങൾക്ക്: നമ്പർ: 0471 2325154, 4016555.

## ഫോട്ടോ ജേർണലിസം കോഴ്സിന് അപേക്ഷിക്കാം

കേരള മീഡിയ അക്കാദമി കൊച്ചി സെന്ററിൽ ആരംഭിക്കുന്ന ഫോട്ടോ ജേർണലിസം കോഴ്സിനുള്ള അപേക്ഷകൾ അയയ്ക്കാനുള്ള തീയതി മേയ് 6 വരെ നീട്ടി. അടിസ്ഥാന യോഗ്യത പ്ലസ് ടു. കോഴ്സ് കാലാവധി മൂന്നുമാസം. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000 രൂപയാണ് ഫീസ്. 30 സീറ്റുകൾ വരെ ഒഴിവുണ്ടാകും. അപേക്ഷാ ഫോറം അക്കാദമി വെബ്സൈറ്റായ www.keralamediaacademy.org ൽ നിന്നു ഡൗൺലോഡ് ചെയ്ത് സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി-30 എന്ന വിലാസത്തിൽ അപേക്ഷിക്കണം. അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകളുടെ പകർപ്പും വയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2422275, 2422068.

## സൗജന്യ കോച്ചിംഗ് ക്ലാസ്

യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ള ജില്ലയിലെ കാസർകോട്, മഞ്ചേശ്വരം താലൂക്കുകളിലെ ബിരുദധാരികളായ ഉദ്യോഗാർത്ഥി കൾക്കായി ജില്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ 30 ദിവ സത്തെ സൗജന്യ കോച്ചിംഗ് ക്ളാസ് നടത്തും. കോച്ചിംഗ് ക്ളാസിൽ പങ്കെടുക്കാൻ താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ മേയ് 10 നകം ജില്ലാ എംപ്ളോയ്മെന്റ് എക്സ്ചേ ഞ്ചിൽ അപേക്ഷ നൽകണം. യൂനിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയ്ക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പരീക്ഷയ്ക്ക് അപേക്ഷിക്കാത്ത ഉദ്യോഗാർത്ഥിക ളെയും പരിഗണിക്കും. ഫോൺ– 04994 255582.

## എംപ്ലോയബിലിറ്റി സെന്ററിൽ അഭിമുഖം

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ മേയ് നാലിന് രാവിലെ 10.30 ന് സ്വകാര്യ മേഖലയിലെ ഒഴിവുകളി ലേക്ക് അഭിമുഖം നടത്തും. നിലവിൽ എംപ്ലോയബിലിറ്റി സെന്ററിൽ ആജീവാനന്ത രജി സ്ട്രേഷൻ നടത്തിയിട്ടുള്ളവർക്ക് കൂടിക്കാഴ്ചയ്ക്ക് പങ്കെടുക്കാം. രജിസ്ട്രേഷൻ നട ത്തിയിട്ടി ല്ലാത്ത പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളു ടെയും തിരിച്ചറിയൽ കാർഡിന്റെയും പകർപ്പ് സഹിതം 250 രൂപ ഫീസ് അട ച്ച് രജിസ്ട്രേഷൻ നടത്തി.ഇന്റർവ്യൂന് പങ്കെടുക്കാം. ഫോൺ: 9207155700,04994 297470

## നീലേശ്വരം നഗരസഭയിൽ
## ആരോഗ്യ ഇൻഷൂറൻസ് കാർഡ് പുതുക്കൽ

നീലേശ്വരം നഗരസഭയിൽ ആരോഗ്യ ഇൻഷൂറൻസ് കാർഡ് പുതുക്കുന്നതിനുള്ള നടപടി മേയ് ആദ്യവാരത്തിൽ ആരംഭിക്കും. വിവിധ വാർഡുകളെ കേന്ദ്രീകരിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ച് ഒരു കുടുംബത്തിന് ഒരു കാർഡ് എന്നതിനുപകരം ഒരു കുടുംബത്തിലെ ഓരോ അംഗത്തിനും ഓരോ കാർഡ് വീതം എന്ന വിധത്തിലാണ് കാർഡുകൾ പുതുക്കുന്നത്.

നഗരസഭയും, കുടുംബശ്രീയും, നഗരസഭാ സി.ഡി.എസും സംയുക്തമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ക്യാമ്പിന്റെ വിശദവിവരങ്ങളും കേന്ദ്രങ്ങളും തീയ്യതിയും പിന്നാലെ പ്രസിദ്ധീകരിക്കും. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി ആരോഗ്യ ഇൻഷൂറൻസ് കാർഡ് എല്ലാവരും കൈപ്പറ്റണമെന്ന് നഗരസഭാ ചെയർമാൻ പ്രൊഫ: കെ.പി. ജയരാജൻ അഭ്യർത്ഥിച്ചു.

തുടരും....